**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1245** **30-08-2022 - ൽ മറുപടിയ്ക്ക്**

**റെയിൽവേ മേൽപ്പാലങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.കെ. രാമചന്ദ്രൻ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ് (പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | പുതുക്കാട് മണ്ഡലത്തിൽ ഉൾപ്പെട്ട പുതുക്കാട്, നെല്ലായി, ആലത്തൂർ, നന്ദിക്കര എന്നിവിടങ്ങളിൽ റെയിൽവേ മേൽപ്പാലങ്ങൾ നിർമ്മിക്കുന്നതിനായി ആർ.ബി.ഡി.സി.കെ. (റോഡ്സ് ആന്റ് ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപ്പറേഷൻ ഓഫ് കേരള) മുഖേന സമർപ്പിച്ച അപേക്ഷകളിൽ റെയിൽവേയുടെ എൻ.ഒ.സി. ലഭിക്കാത്തതുമൂലം നിർമാണം ആരംഭിക്കുവാൻ കഴിയാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | പുതുക്കാട് മണ്ഡലത്തിൽ ഉൾപ്പെട്ട പുതുക്കാട്, നെല്ലായി, ആലത്തൂർ, നന്ദിക്കര എന്നിവിടങ്ങളിൽ റെയിൽവേ മേൽപ്പാലങ്ങൾ നിർമ്മിക്കുന്നതിനായി ആർ.ബി.ഡി.സി.കെ. റെയിൽവേയ്ക്ക് ജി.എ.ഡി സമർപ്പിച്ചതിൽ എറണാകുളം - ഷൊർണ്ണൂർ സെക്ഷൻ ഇടയിൽ വരുന്ന ആർ.ഒ.ബി.കളുടെ ജി.എ.ഡി.യ്ക്ക് റെയിൽവേയുടെ 3rd line അന്തിമമായതിനു ശേഷം മാത്രമേ അംഗീകാരം നൽകുവാൻ സാധിക്കുകയുള്ളൂ എന്ന് 11.07.2022 ലെ കത്ത് പ്രകാരം ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ സതേൺ റെയിൽവേ അറിയിച്ചിട്ടുള്ളതാണ്. |
| (ബി) | പ്രസ്തുത റെയിൽവേ മേൽപ്പാല നിർമാണങ്ങൾക്കായുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ; | (ബി) | **പുതുക്കാട് ആർ.ഒ.ബി.(LC 28 & 29)**<br><br>ടി മേൽപ്പാലത്തിന്റെ സ്ഥലമേറ്റെടുക്കൽ നടപടികൾ പുരോഗമിച്ചു കൊണ്ടിരിക്കുകയാണ്. 18.11.2019 ന് 11(1) പ്രഖ്യാപനവും 13.05.2022 ൽ 19(1) പ്രഖ്യാപനവും പ്രസിദ്ധീകരിച്ചിട്ടുള്ളതുമാണ്. അവാർഡ് എൻക്വയറി പൂർത്തിയാക്കി യിട്ടുള്ളതും, ഡ്രാഫ്റ്റ് അവാർഡ് ജില്ലാ കളക്ടർ അംഗീകരിക്കുകയും, 30.07.2022 ന് സ്പെഷ്യൽ തഹസിൽദാർ അവാർഡ് പാസാക്കിയിട്ടു ള്ളതുമാണ്. കൂടാതെ ടി പദ്ധതിയുടെ അന്തിമ ജി.എ.ഡി 22.02.2022 ൽ റെയിൽവേയുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുള്ളതാണ്. ഭൂമി ഏറ്റെടുത്ത് ആർ.ബി.ഡി.സി.കെ.യ്ക്ക് കൈമാറുകയും, റെയിൽവേയിൽ നിന്നും ജി.എ.ഡി. യ്ക്ക് അംഗീകാരം ലഭിക്കുകയും ചെയ്യുന്ന മുറയ്ക്ക് നിർമ്മാണത്തിനായുള്ള ടെണ്ടർ നടപടികൾ ആരംഭിക്കുവാൻ കഴിയും.<br><br>**ആലത്തൂർ ആർ.ഒ.ബി.(LC 33)** |

| | | | |
|---|---|---|---|
| | | | പദ്ധതിയുടെ ജി.എ.ഡി. 02.03.2019 മുതൽ റെയിൽവേയ്ക്ക് സമർപ്പിച്ചെങ്കിലും നിരവധി തവണ തിരുത്തലുകൾ ആവശ്യപ്പെട്ട് മടക്കി നൽകുകയാണുണ്ടായത്. ആവശ്യമായ തിരുത്തലുകൾ വരുത്തിയ ശേഷം പുതുക്കിയ ജി.എ.ഡി. 17.02.2022 ൽ റെയിൽവേയുടെ അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുകയാണ്. റെയിൽവേയിൽ നിന്നും ജി.എ.ഡി. യ്ക്ക് അംഗീകാരം ലഭിച്ചാൽ മാത്രമേ പദ്ധതിയുടെ സ്ഥലമേറ്റെടുക്കൽ നടപടികൾ ആരംഭിക്കാൻ സാധിക്കുകയുള്ളൂ.<br><br>**<u>നെല്ലായി ആർ.ഒ.ബി. (LC 32)</u>**<br><br>പദ്ധതിയുടെ പുതുക്കിയ ജി.എ.ഡി. 17.02.2022 ൽ റെയിൽവേയുടെ അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുകയാണ്. റെയിൽവേയിൽ നിന്നും ജി.എ.ഡി. യ്ക്ക് അംഗീകാരം ലഭിച്ചാൽ മാത്രമേ പദ്ധതിയുടെ സ്ഥലമേറ്റെടുക്കൽ നടപടികൾ ആരംഭിക്കാൻ സാധിക്കുകയുള്ളൂ.<br><br>**<u>നന്തിക്കര (LC No.31)</u>**<br><br>പദ്ധതിയുടെ പുതുക്കിയ ജി.എ.ഡി. 13.06.2022 ൽ റെയിൽവേയുടെ അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുകയാണ്. റെയിൽവേയിൽ നിന്നും ജി,എ.ഡി. യ്ക്ക് അംഗീകാരം ലഭിച്ചാൽ മാതമേ പദ്ധതിയുടെ സ്ഥലമേറ്റെടുക്കൽ നടപടികൾ ആരംഭിക്കാൻ സാധിക്കുകയുള്ളൂ. |
| (സി) | റെയിൽവേയുടെ അനുമതി ലഭിക്കുന്നതിനുണ്ടായിട്ടുള്ള നീണ്ട കാലതാമസം ഒഴിവാക്കുന്നതിനും അനുമതി ലഭ്യമാക്കി നിർമാണം ആരംഭിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ? | (സി) | പ്രസ്തുത മേൽപ്പാലങ്ങളുടെ ജി.എ.ഡി യുടെ അംഗീകാരം ലഭിക്കുന്നതിനായി റെയിൽവേയോട് ആവശ്യപ്പെട്ടിട്ടുണ്ട്. ആയത് വേഗത്തിലാക്കാൻ റെയിൽവേയുമായി നിരന്തരം ബന്ധപ്പെടുകയും ചെയ്തുകൊണ്ടിരിക്കുന്നു. |

സെക്ഷൻ ഓഫീസർ